III. സംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽനിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.

IV. വിവിധ സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽനിന്നുമുള്ള സംഭാവനകൾ.

ഈ സ്കീമിന്റെ നിയന്ത്രണവും, ഭരണവും ഒപ്പം പുരോഗതി വിലയിരുത്തുന്നതിനുമായി ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary, Kerala State Legal Services Authority'-ക്കാണ് നൽകിയിരിക്കുന്നത്.

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി 10-8-2015-ലെ സർക്കാർ ഉത്തരവ് 7284/2015/ധന. പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽനിന്നും ചീഫ് കൺട്രോളിംഗ് ഓഫീസറായ സ്റ്റേറ്റ് പോലീസ് മേധാവി 30 ലക്ഷം രൂപ Kerala State Legal Services Authority-ക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിത്തുടങ്ങിയിട്ടുണ്ട്.

കട്ടികളുടെ ഇടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം

11 (*311) ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2014-ൽ 46 കേസ്സുകളും 2015-ൽ 54 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013, 2014, 2015 എന്നീ വർഷങ്ങളിലായി 111 പ്രതികളെ അറസ്റ്റു ചെയ്യുകയും 182.6 ഗ്രാം കഞ്ചാവ് ബീഡിയും 2695.4 ഗ്രാം കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 8 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്റ്റുഡന്റ്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി പോലീസ് തുടങ്ങി വിവിധതരം പദ്ധതികളിലൂടെയും, KP Act, COTPA Act തുടങ്ങിയ നിയമ നടപടികളിലൂടെയും ജനങ്ങളെ, പ്രത്യേകിച്ച് വിദ്യാർത്ഥി സമൂഹത്തെ ബോധവത്കരിച്ചും മറ്റുമുള്ള നടപടികൾ ഭരണതലത്തിൽ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെയും കേരളാ പോലീസിന്റെയും സംയുക്ത പദ്ധതിയായ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി സ്കൂൾ പരിസരങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗ വിൽപ്പന വിപണനത്തെ ചെറുക്കുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് 12-7-2015-ൽ ഉണർവ് എന്ന പേരിൽ ബോധവത്കരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

മയക്കുമരുന്ന് കേസ്സുകളിൽ, വിദഗ്ധരായ പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീമിന്റെ ആഭിമുഖ്യത്തിൽ ആന്റി നർക്കോട്ടിക് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ, റയിൽവേ തുടങ്ങിയവരുടെ സംയോജിത നേതൃത്വത്തിൽ, KANSAF-ന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തി മയക്കുമരുന്ന്, പാൻമസാല എന്നിവ കടത്തുന്നവർക്കും വിൽപ്പന നടത്തുന്നവർക്കും വിപണനം നടത്തുന്നവർക്കുമെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ പി.ടി.എ. കമ്മിറ്റി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ജാഗ്രതാ സമിതികൾ എന്നിവരുമായി സംസാരിച്ച് സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുണ്ടോയെന്ന് അന്വേഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാലയങ്ങളിൽ ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻ മസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും നിരന്തരം റെയ്ഡുകൾ നടത്തി ഇത്തരം ഉത്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം

12 (*312) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ലോക്കൽ പോലീസിലെയും ആംഡ് റിസർവ്വിലെയും മൊത്തം അംഗബലത്തിന്റെ 10 ശതമാനമായി വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരളാ പോലീസിലെ വനിതാ പ്രാതിനിധ്യം 6 ശതമാനത്തിൽ താഴെയായിരുന്നു. പോലീസ് വകുപ്പിൽ സ്ത്രീകളുടെ

LIBRARY ARCHIVES Kerala Legislative Assembly